LIBRARY ARCHIVES Kerala Legislative Assembly

കൃഷിനാശം, ശുദ്ധജല വിതരണം എന്നിവയ്ക്ക് ചെലവഴിച്ച തുക

254 [2308] ശ്രീ. ടി. പി. രാമകൃഷ്ണൻ:

ഡോ. തോമസ് ഐസക്:

ശ്രീ. എ. സി. മൊയ്തീൻ:

,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വരൾച്ചാകാലത്ത് കേരളത്തിലാകെ എത്ര കോടി രൂപയുടെ കൃഷിനാശം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപ നഷ്ടപരിഹാരത്തുകയായി സംസ്ഥാന സർക്കാർ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(സി) വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇനിയും കൊടുത്തു തീർക്കാൻ ബാക്കിയുള്ള തുക എത്രയാണ്;

(ഡി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ശുദ്ധജല വിതരണത്തിന് ചെലവാക്കിയ തുക എത്രയാണ്;

(ഇ) കിണർ ആഴംകൂട്ടൽ, പുതിയ കിണർ കുഴിക്കൽ, കുഴൽക്കിണർ നിർമ്മിക്കൽ എന്നിവയ്ക്ക് ചെലവഴിച്ച തുക എത്രയാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1431.46 കോടി രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി ആന്റ് സി) കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നല്കുന്നതിനായി 34.56 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 28.76 കോടി രൂപ 2,64,159 കർഷകർക്കായി വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5.80 കോടി രൂപ ത്വരിതഗതിയിൽ വിതരണം ചെയ്തു വരുന്നുണ്ട്.

(ഡി ആന്റ് ഇ) 2004-05 സാമ്പത്തിക വർഷം വിവിധ കുടിവെള്ളവിതരണ പദ്ധതികൾക്കായി 40.93 കോടി രൂപ എല്ലാ ജില്ലകൾക്കുമായി അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാരംഭമായതിനാൽ ചെലവഴിച്ച തുകയുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമല്ല.